# <u>നോട്ടീസ്</u>

തീയതി : 30.12.2020

## ജനുവരി 4 മുതൽ കോളേജിൽ ഹാജരാകുന്ന വിദ്യാർത്ഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ

1. COVID-19 മായി ബന്ധപ്പെട്ട് സർക്കാരും യൂണിവേഴ്സിറ്റിയും പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ എല്ലാവരും പാലിക്കേണ്ടതാണ്.

2. വിദ്യാർത്ഥികളുടെ ക്ലാസുകൾ ചെറു ബാച്ചുകളാക്കി ക്രമീകരിച്ചിട്ടുണ്ട്. ഓരോ ബാച്ചിനും അനുവദിച്ച സമയത്തിൽ മാത്രമേ വിദ്യാർത്ഥികളെ കോളേജിൽ പ്രവേശിപ്പിക്കുകയുള്ളൂ. ഇതിനായി ഐ.ഡി. കാർഡ് കോളേജ് സെക്യൂരിറ്റിയെ കാണിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അനുവദിച്ച ക്ലാസ്സ് സമയത്തിന് ശേഷം കോളേജ് ക്യാമ്പസ്സിൽ തുടരാൻ അനുവദിക്കുന്നതല്ല. ഓരോ ബാച്ചിന്റെയും അദ്ധ്യയനസമയം ഡിപ്പാർട്ട്മെൻറ് മേധാവികളിൽ നിന്നും അറിയാവുന്നതാണ്. കോളേജിൽ പ്രവേശിച്ചാലും അനുവദിച്ച ലാബ് / ക്ലാസ്സ് റൂമുകളിൽ തന്നെ അദ്ധ്യയനസമയം മുഴുവൻ തുടരേണ്ടതാണ്. പുറത്ത് കറങ്ങി നടക്കുവാൻ അനുവദിക്കുന്നതല്ല.

3. മാസ്ക്ക് മുഴുവൻ സമയവും ധരിച്ചിരിക്കണം. കോളേജിൽ ലഭ്യമാകുന്നതോ, കൈയ്യിൽ കരുതിയിരിക്കുന്നതോ ആയ സാനിറ്റൈസർ ഇടയ്ക്കിടെ ഉപയോഗിക്കണം. സാമൂഹിക അകലം എല്ലാ നേരത്തും കൃത്യമായി പാലിക്കണം. കോളേജ് അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കണം.

4. കോളേജ് ഹോസ്റ്റൽ ഉപയോഗിച്ചിരുന്നവർ PTA സെക്രട്ടറിയെ സമീപിച്ചു താമസവുമായ് ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കേണ്ടതാണ്. ഹോസ്റ്റൽ അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

5. കണ്ടയ്മെൻറ് സോണുകളിൽ താമസിക്കുന്നവർ കോളേജിൽ ഹാജരാകുന്നതിൽ നിന്നും സർക്കാർ ഇളവ് നൽകിയിട്ടുണ്ട്.

6. ആവശ്യങ്ങൾക്ക് **Staff Advisor / HOD** എന്നിവരുമായി **Email /Whatsapp /Phone** മുഖേന ബന്ധപ്പെടേണ്ടതാണ്.

COLLEGE OF ENGINEERING ADOOR ★ MANAKALA P.O. 691551 ★

പ്രിൻസിപ്പാൾ